quaf.ihyaussunna.in

വമ്പി
സന്ദർശ
നോത്സവം





പൂനൂരിൽ നിന്നാണ് ആ യാത്രകളുടെ തുടക്കം, അറിവ് തേടിയുള്ള സഞ്ചാരം,

അദബ്: അറിവിന്റെ ആത്മം

അറിവ് മനുഷ്യന്റെ ബുദ്ധിയെ പ്രകാശിപ്പിക്കുമ്പോൾ അദബ് അവന്റെ ഹൃദയത്തെയും ജീവിതത്തെയും വിശുദ്ധമാക്കുന്നു. ഇസ്‌ലാമിക വിജ്ഞാനപാരമ്പര്യത്തിൽ അദബ് കേവലം മര്യാദയല്ല; അറിവിനോടും ഗുരുവിനോടും സത്യത്തോടുമുള്ള വിനയവും അനുസരണയുമാണ്. അല്ലാഹുവിന്റെ വഹ്‌യിലൂടെ ആരംഭിച്ച ഈ ജ്ഞാനപ്രകാശം തിരുനബി (സ) യുടെ ജീവിതത്തിലൂടെയാണ് മനുഷ്യരാശിയിലേക്ക് പകർന്നത്. ആ പ്രകാശം ഏറ്റുവാങ്ങിയ സ്വഹാബികൾ അറിവിനെ ഹൃദയത്തിൽ സൂക്ഷിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്തു.

തിരുനബി (സ) യുടെ ഓരോ വാക്കും പ്രവൃത്തിയും മൗനാനുമതിയും അവർ വിശ്വാസത്തോടെയും സൂക്ഷ്മതയോടെയും പിൻതലമുറകൾക്ക് കൈമാറി. സ്വഹാബികളിൽനിന്ന് താബിഉകളിലേക്കും അവരിൽ നിന്ന് മഹാന്മാരായ ഇമാമുകളിലേക്കും നീണ്ട ഈ പാരമ്പര്യം അറിവിന്റെയും അദബിന്റെയും വിശുദ്ധ ശൃംഖലയായി വളർന്നു. ഗുരുസന്നിധിയിലെ പഠനം അക്ഷരങ്ങളുടെ കൈമാറ്റമായിരുന്നില്ല; വിനയവും ഭക്തിയും ജീവിതവിശുദ്ധിയും പകർന്നു നൽകുന്ന ആത്മീയ പരിശീലനമായിരുന്നു. അദബ് നഷ്ടപ്പെടുമ്പോൾ അറിവ് വെറും വിവരങ്ങളായി ചുരുങ്ങുകയും വിനയത്തിന്റെ സ്ഥാനത്ത് അഹങ്കാരവും ആധികാരികതയുടെ സ്ഥാനത്ത് ആശയക്കുഴപ്പവും വളരുകയും ചെയ്യുന്നു. പുസ്തകങ്ങളും ആധുനിക സാങ്കേതികവിദ്യകളും അറിവിന്റെ വാതിലുകൾ തുറക്കുമ്പോഴും യോഗ്യരായ ഗുരുക്കന്മാരുടെ മാർഗദർശനത്തിന് അവ പകരമാകുന്നില്ല. അറിവ് സ്വന്തം മഹത്വം പ്രകടിപ്പിക്കാനുള്ള സമ്പത്തല്ല; അല്ലാഹുവിന്റെ പ്രീതിക്കായി വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കേണ്ട അമാനത്താണ്. ആ പ്രകാശം കെടാതെ അടുത്ത തലമുറയ്ക്ക് കൈമാറുന്നതിലാണ് നമ്മുടെ വൈജ്ഞാനിക പൈതൃകത്തിന്റെ സൗന്ദര്യവും സാഫല്യവും.

ബഹ്റുൽ ഉലൂമിന്റെ രിളയും
അവേലത്ത് സാദാത്തീങ്ങളുടെ
ആശീർവാദവുംവാങ്ങി മദ്രാസ്
മെയിലിൽ ഒ. കെ. ഉസ്താദിന്റെ
മുതഅല്ലിം തെന്നിന്ത്യയുടെ
വിജ്ഞാന കേന്ദ്രത്തിലേക്ക്...

ബുഖാരിയുടെ മധുരം



വിശുദ്ധ ഖുർആൻ
കഴിഞ്ഞാൽ ഏറ്റവും
ആധികാരികം എന്ന
സവിശേഷതയുള്ള
ഇസ്ലാമിക ഗ്രന്ഥമാണ്
സ്വഹീഹുൽ ബുഖാരി.
വിശ്വപ്രസിദ്ധമായ ഈ
ഹദീസ് ഗ്രന്ഥത്തിന്റെ
ദർസ്, ഉസ്താദിന്റെ
മതാധ്യാപന ചരിത്രത്തിൽ
ഏറെ പ്രധാനമാണ്.
ആഗോള കീർത്തിനേടിയ
ഈ ദർസിൽ പങ്കെടുക്കാൻ
വിദേശികളടക്കം
മർകസിൽ എത്താറുണ്ട്.



ബാഖിയാത്തു സ്വാലിഹാത്ത്! അവിടെയാണ് സ്വപ്നങ്ങളുടെ ആരംഭം. >>

വെല്ലൂർ ബാഖിയാത്തിലെ മുദരിസും പ്രമുഖ ഹദീസ് പണ്ഡിതനുമായ ശൈഖ് ഹസൻ ഹസ്റത്താണ് സുൽത്വാനുൽ ഉലമയുടെ ബുഖാരി ദർസിന് തുടക്കമിടുന്നത്. വിശ്രുത ഹദീസ് പണ്ഡിതരായ ശൈഖ് മുഹമ്മദ് യാസീൻ അൽ ഫാദാനി ഉൾപ്പെടെയുള്ള ലോകപ്രശസ്ത പണ്ഡിതരുടെ ശിഷ്യത്വവും ഇജാസത്തുകളും ഇതിനകം ഉസ്താദ് കരസ്ഥമാക്കി. കോവിഡ് കാലത്തും യാത്രകൾക്കിടയിൽ പോലും മുടങ്ങാതെ സവിശേഷ ശ്രദ്ധയോടെ, ഏറെ ആവേശത്തോടെ ഉസ്താദ് കാണുന്ന ബുഖാരി ദർസാണിപ്പോൾ 60 വർഷം പൂർത്തീകരിക്കുന്നത്. ആധുനിക ലോകത്ത് ഇത്രയും നീണ്ടകാലം അനസ്യൂതം പതിനായിരക്കണക്കിന് പണ്ഡിതർക്ക് പൂർണമായും സ്വഹീഹുൽ ബുഖാരി ഓതി പഠിപ്പിച്ച മറ്റൊരു ഗുരുനാഥൻ ഒരു പക്ഷേ വിരളമായിരിക്കും. ആറ് പതിറ്റാണ്ട് പിന്നിടുമ്പോഴും ഊർജ്ജത്തോടെ, അറിവിന്റെയും സുന്നത്തിന്റെയും വെളിച്ചം പരത്തിക്കൊണ്ട്, ഉസ്താദിന്റെ ജ്ഞാന പ്രവാഹം തുടരുകയാണ്...

മൗലവി
ഫാളിൽ ബാഖവിയായി
വീണ്ടും പൂനൂരിലേക്ക്..

سلسلة الإسناد العلمي والفقهي
لسماحة الشيخ أبي بكر أحمد
وصولاً إلى النبي المصطفى صلى الله عليه وآله وسلم

1. **الشيخ سلطان العلماء العالم العلامة أبو بكر بن أحمد كَانْتَابُورَام** حفظه الله ومتعه بالصحة والعافية
2. الشيخ العلامة زين الدين بن الشيخ على حسن المخدوم الشهير بأستاذ الأساتيذ
3. الشيخ العلامة الفقيه أبي أسامة صدقة الله المسليار ابن بوكر المسليار الكرمبنكلي
4. الشيخ العلامة الولي شمس العلماء محمد القطبي المتوفى سنة ١٣٨٥ هـ
5. الشيخ العلامة كنج أحمد المسليار الشاللكتي الترنقالي المتوفى سنة ١٣٣٨ هـ
6. العلامة عبد العزيز الفناني الوضبلي المشهور في ديارنا المليبار المتوفى سنة ١٣٢٢هـ
7. الشيخ العلامة علي حسن المخدومي الفناني الملقب بكوياكوتي المسليار المتوفى سنة ١٢٩٧ هـ
8. والده الشيخ الولي أحمد المخدومي الفناني المشهور بولي باوا المسليار المتوفى سنة ١٣٠١ هـ
9. الشيخ العلامة الفقيه احمد المخدوم الثاني المتوفى سنة ١٢٨٠هـ
10. الشيخ العلامة القاضي محمد المتوفى سنة ١٢١٧ هـ
11. الشيخ العلامة علي حسن المخدوم الأول الفناني المتوفى سنة ١٢٠٠هـ
12. الشيخ العلامة أحمد المخدوم الأول المتوفى سنة ١١٨١هـ
13. الشيخ العلامة خاجا المخدوم المتوفى سنة ١١٦٠هـ
14. الشيخ القاضي نور الدين المخدوم الفناني المتوفى ١١٥٣ سنة
15. الشيخ القاضي عبد العزيز المخدوم الثالث الفناني المتوفى ١١٣٠ سنة
16. الشيخ القاضي عبد الرحمن المخدوم الفناني المتوفى ١١١٠ سنة
17. والده الشيخ الإمام القاضي عثمان المخدوم الفناني المتوفى ١٠٧٧ سنة
18. والده الشيخ الإمام عبد الرحمن المخدوم الفناني المتوفى ١٠٢٩ سنة
19. الشيخ الإمام الشهير أحمد زين الدين المخدوم الصغير صاحب فتح المعين المتوفى ١٠٢٨ سنة
20. الشيخ الإمام أحمد بن حجر الهيتمي المكي المتوفى ٩٧٤ سنة

മങ്ങാട്ട് പള്ളിയിൽ
മുദരിസായി
തുടക്കം.

21 الشيخ الإمام محمد زكريا الأنصاري المصري المتوفى ٩٢٦ سنة
22 الشيخ الإمام جلال الدين محمد بن أحمد المحلي المصري المتوفى ٨٦٤ سنة
23 الشيخ الإمام الحافظ عبد الرحيم العراقي المتوفى ٨٠٨ سنة
24 الشيخ الإمام علاء الدين العطاري المتوفى ٧٣٤ سنة
25 الشيخ الإمام محي الدين يحيى بن شرف النووي المتوفى ٦٧٦ سنة
26 الشيخ الإمام كمال الدين سلار الأربلي المتوفى ٦٧٠ سنة
27 الشيخ الإمام محمد بن محمد القزويني المتوفى ٦٦٧ سنة
28 الشيخ الإمام عبد الغفار القزويني المتوفى ٦٦٥ سنة
29 الشيخ الإمام عبد الكريم الرافعي البغدادي المتوفى ٦٢٤ سنة
30 الشيخ الإمام أبي الفضل محمد بن يحي النيسابوري المتوفى ٥٤٨ سنة
31 الشيخ الإمام حجة الإسلام محمد بن محمد الغزالي الطوسي المتوفى ٥٠٥ سنة
32 الشيخ الإمام عبد الملك أبي المعالي إمام الحرمين الشريفين المتوفى ٤٧٨ سنة
33 والده الشيخ الإمام محمد الجويني المتوفى ٤٣٤ سنة
34 الشيخ الإمام أبي بكر القفال المروزي المتوفى ٤١٧ سنة
35 الشيخ الإمام أبي زيد محمد المروزي المتوفى ٣٦٥ سنة
36 الشيخ الإمام أحمد بن صريح البغدادي المتوفى ٣٠٦ سنة
37 الشيخ الإمام أبي سعيد الانماطي المتوفى ٢٧٧ سنة
38 الشيخ الإمام أبي إبراهيم اسمعيل المزني المتوفى ٢٦٤ سنة
39 الشيخ الإمام الكبير سيدنا محمد بن إدريس الشافعي المصري المتوفى ٢٠٤ سنة
40 الشيخ الإمام مسلم بن خالد الزنجي المتوفى ١٧٧ سنة
41 الشيخ الإمام عبد الملك بن جريج الأموي المتوفى ١٥٠ سنة
42 الشيخ الإمام التابعي عطاء بن أبي رباح المتوفى ١١٤ سنة
43 الشيخ الإمام الصحابي الجليل عبد الله ابن عباس رضي الله تعالى عنهما المتوفى سنة ٦٨
44 **النبي المصطفى محمد صلى الله عليه وسلم ﷺ**

സ്വഹീഹുൽ
ബുഖാരി ഓതി
തുടങ്ങിയ ആ യാത്ര



അൻപത് പിന്നിടുന്ന മർകസ്

വിദ്യാഭ്യാസത്തിന് പുറമെ ജീവകാരുണ്യരംഗത്തും മർകസ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. അനാഥാലയങ്ങൾ, ആശുപത്രികൾ, വൊക്കേഷണൽ പരിശീലന കേന്ദ്രങ്ങൾ എന്നിവയിലൂടെ ആയിരക്കണക്കിന് ആളുകൾക്കാണ് മർകസ് തണലാകുന്നത്. സാമൂഹിക നീതിക്കും സമാധാനപരമായ സഹവർത്തിത്വത്തിനും വേണ്ടിയുള്ള ശബ്ദമായും മർകസ് നിലകൊള്ളുന്നു. നിരവധി സാമൂഹിക വിഷയങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, വിജ്ഞാനത്തിന്റെയും സേവനത്തിന്റെയും സംവാദത്തിന്റെയും സംയോജനമാണ് മർകസിന്റെ അരനൂറ്റാണ്ടുകാലത്തെ ചരിത്രം.



ഇമ്പിച്ചാലി ഉസ്താദിൻറെ പിൻഗാമിയായി കോളിക്കൽ പള്ളിയിലേക്കും പിന്നീട് കാന്തപുരം അസീസിയയിലേക്കും മാറി.

>>

തങ്ങളുടെ അടിസ്ഥാന മൂല്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് കൂടുതൽ പ്രതീക്ഷകളോടെ സ്ഥാപനം ഭാവിയിലേക്ക് മുന്നേറുകയാണ്. 1978-ൽ കാരന്തൂരിൽ ആരംഭിച്ച ജാമിഅ മർകസ്, 2028-ൽ ഗോൾഡൻ ജൂബിലി ആഘോഷിക്കാനൊരുങ്ങുമ്പോൾ ഇന്ത്യയിലെ തന്നെ പ്രമുഖ ഇസ്ലാമിക സർവ്വകലാശാലകളിൽ ഒന്നായി വളർന്നിരിക്കുകയാണ്. പരമ്പരാഗത ഇസ്ലാമിക വിജ്ഞാനവും ആധുനിക വിദ്യാഭ്യാസവും സമന്വയിപ്പിച്ചുകൊണ്ട്, കഴിഞ്ഞ അരനൂറ്റാണ്ടുകാലമായി വിജ്ഞാനം, സേവനം, സംവാദം എന്നീ മേഖലകളിലൂടെ സമൂഹത്തിന് വിലപ്പെട്ട സംഭാവനകളാണ് നൽകിവരുന്നത്. വിദ്യാഭ്യാസ രംഗത്ത് വലിയൊരു വിപ്ലവമാണ് മർകസ് സൃഷ്ടിച്ചിട്ടുള്ളത്. ഇസ്ലാമിക് തിയോളജി, ശരീഅത്ത്, അറബി സാഹിത്യം എന്നിവയോടൊപ്പം നിയമം, വൈദ്യശാസ്ത്രം, ആർട്സ്& സയൻസ് തുടങ്ങിയ ആധുനിക മേഖലകളിലും ഉന്നത വിദ്യാഭ്യാസം നൽകുന്നു. ഈജിപ്തിലെ അൽ-അസ്ഹർ സർവ്വകലാശാലയുടെ അംഗീകാരം മർകസിലെ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്രതലത്തിൽ ഉപരിപഠനത്തിന് വഴിയൊരുക്കുന്നു. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് നിലവിൽ ഇവിടെ പഠനം നടത്തുന്നത്.

ഫാഫ്

1978 ഏപ്രിൽ 16 ബാഖിയാത്തിൽ നി ന്ന്കണ്ട സ്വപ്നങ്ങളുടെ സാക്ഷാത്കാരം. ഉസ്താദ് കാരന്തൂരിൽ ജാമിഅ മർകസിന് തുടക്കം നൽകി. >>

ജാമിഅഃ മർകസ്, മുഖവുരകളും മേൽവിലാസങ്ങളും ആവശ്യമില്ലാത്ത വിധം വിശ്വവൈജ്ഞാനിക ഭൂപടത്തിൽ അടയാളപ്പെട്ട സാംസാരിക നികേതം. കാലം കാത്തുവെച്ച മഹാ ഗുരുവിന്റെ ദീർഘ വീക്ഷണത്തിന്റെ നിദർശനം. നാലരപതിറ്റാണ്ടായി നിലയ്ക്കാത്ത ജ്ഞാന പ്രസരണത്തിന്റെ പ്രതീകം, അനേകായിരങ്ങൾക്ക് അറിവും അന്നവും നൽകി ഉത്തമപൗരന്മാരായി പരിവർത്തിപ്പിച്ച ഉന്നത വിദ്യാഭ്യാസ കലാലയം.

പതിനായിരക്കണക്കിന് സഖാഫി പണ്ഡിതരെ വാർത്തെടുത്ത മർകസ് ശരീഅഃ കോളേജിലെ വിദ്യാർത്ഥി സംഘടനയാണ് ഇഹ്യാഉസ്സുന്ന സ്റ്റുഡൻസ് യൂണിയൻ. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നൂതനമായ സാധ്യതകളെയും സങ്കേതങ്ങളെയും ഏറ്റവും ഫലപ്രദമായ രീതിയിൽ ആവിഷ്കരിച്ച് പഠിതാക്കളുടെ സർവ്വോന്മുഖ പുരോഗതിയാണ് സംഘടന ലക്ഷ്യമാക്കുന്നത്. ലക്ഷ്യപ്രാപ്തിയിലേക്കുള്ള ഏറ്റവും വലിയ ചുവടുവെപ്പാണ് വിദ്യാർഥികളുടെ വൈജ്ഞാനിക പരിശീലനത്തിന്റെ വേദിയായ 'ഫാഫ്'.

വർഷങ്ങളായി മുസാബഖ എന്ന പേരിലുണ്ടായിരുന്ന വൈജ്ഞാനിക കലാ മത്സരങ്ങൾ 2016 മുതൽ ഫാഫ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. പരിപാടിയുടെ മുഖം മാറി. നവകാലത്തോട് സംവദിക്കുന്ന നൂതനാവിഷ്കാരങ്ങൾ ഫാഫിലൂടെ കേരളീയ മുതഅല്ലിം സമൂഹം ആസ്വദിച്ചു.

ഇത് ഫാഫ് അദബിക് എഡിഷൻ. പ്രമേയം കൊണ്ടും ആവിഷ്കാരങ്ങൾ കൊണ്ടും ഫാഫാഘോഷം വേറിട്ടു നിൽക്കും.

പൂനൂരിൽ നിന്ന് തുടങ്ങിയ
യാത്രകൾ അങ്ങനെ
മർകസിൽ നിന്ന് ലോകത്തോളം
വളർന്നു...

വഴിയടയാളങ്ങൾ

9th Edition
Adabic Inheritance

8th Edition
Rectifying the Vertues

7th Edition
Decoding the cultural algorithm

6th Edition
Alchemy of midstream

5th Edition
പൗരാണിക നഗരങ്ങൾ

4th Edition
Celebrating The Cityiness
(Unifying the Uniqueness)

3rd Edition
Be positive Be creative

2nd Edition
സംസ്കൃതിയുടെ കാതലുള്ള കലാഭാവങ്ങൾ

1st Edition
മർക്കസിൽ കലയുടെ പെരുമഴക്കാലം

Markaz Cultural Festival

Ādabic Inheritance

2026
Oct 31
Nov 01
Jamia Markaz
Karanthur